കാസർഗോഡ് 239

(സി) ഉണ്ട്. പട്ടയം നൽകാൻ നിയമപരമായി തടസ്സമില്ലാത്ത കേസ്സുകളിലെല്ലാം അപേക്ഷകിട്ടുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പട്ടയം നൽകുന്നതാണ്.

(1504) മുഴപ്പിലങ്ങാട് വില്ലേജിൽ പട്ടയത്തിന് വേണ്ടി ലഭിച്ച അപേക്ഷകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന പദ്ധതിയനുസരിച്ച് കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് വില്ലേജിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയത്തിനുവേണ്ടി പ്രസ്തുത വില്ലേജിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച അപേക്ഷകളിൽ ഇനി എത്രപേർക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകാൻ കഴിയാത്തതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആർക്കും പട്ടയം നൽകിയിട്ടില്ല.

(ബി) 247 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്കെല്ലാം പട്ടയം നൽകാൻ ബാക്കിയുണ്ട്. പട്ടയം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

(സി) സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മൂലമാണ് പട്ടയം നൽകാൻ കഴിയാത്തത്.

(1511) രണ്ടാമട വില്ലേജിൽ നിന്നും സർക്കാർ ഏറ്റെടുത്ത പുറമ്പോക്കു ഭൂമി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ അമ്പലമുക്കിനു സമീപം രണ്ടാമട വില്ലേജിൽ സർവ്വേ 80 ൽ ഉൾപ്പെടെ 8 സെന്റ് പുറംപോക്ക് സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും സർക്കാർ മുമ്പ് ഏറ്റെടുത്തത് ഏത് ആവശ്യത്തിനായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലത്ത് മുമ്പ് പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നുവോ;

(സി) ഇപ്പോൾ ഈ സ്ഥലത്തിന്റെ ഉടമ ആരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏത് വിധത്തിലാണ് ഇപ്പോഴത്തെ ഉടമകളുടെ കൈവശം ഈ ഭൂമി എത്തിയതെന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly